പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 417 11.12.2012 ൽ മറുപടിയ്ക്ക്

# ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. ബഷീർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ചെറുകിട ജല വൈദ്യുത പദ്ധതികൾക്ക് സാധ്യതയുള്ള മേഖലകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇത്തരം പദ്ധതികൾ തുടങ്ങുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; | (എ) ഉണ്ട്. കേരളത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സാദ്ധ്യതയുള്ള മേഖലകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഏകദേശം 30 ഓളം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പുരോഗമിച്ചു വരുന്നു. അനെർട്ട്, ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രാരംഭ സാധ്യതാ പഠനം നടത്തി പദ്ധതിക്ക് സാധ്യതയുള്ള 867 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>ഇത്തരം പദ്ധതികൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന (പ്രത്യേകിച്ചും വനഭൂമി) കാലതാമസമാണ് ഇപ്പോൾ നേരിടുന്ന പ്രധാന തടസ്സം. |

(....2)

| | |
|---|---|
| (ബി) സംസ്ഥാന സർക്കാർ നേരിട്ട് സൗരോർജ്ജ വൈദ്യുത പദ്ധതി തുടങ്ങുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) കേരള സർക്കാർ അനെർട്ട് മുഖേന 1kwp ശേഷിയുള്ള 10000 സോളാർ റൂഫ് ടോപ്പ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി തുടങ്ങിയിട്ടുണ്ട്. അനെർട്ടിന്റെ നേതൃത്വത്തിൽ പൊതു സ്ഥാപനങ്ങളിൽ കൂടിയ ശേഷിയുള്ള പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ശ്രമങ്ങളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.